**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 68** **29-01-2024 - ൽ മറുപടിയ്ക്ക്**

**കെ-ഫോൺ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കെ-ഫോൺ പദ്ധതി പ്രകാരം എത്ര ഗാർഹിക കണക്ഷനുകളും എത്ര വാണിജ്യ കണക്ഷനുകളും നൽകുവാനാണ് ഉദ്ദേശിച്ചിരുന്നതെന്നും ഏത് കാലയളവിനുള്ളിൽ പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരുന്നതെന്നും വ്യക്തമാക്കുമോ; | (എ) | സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 20 ലക്ഷം കുടുംബങ്ങൾക്ക് കെ-ഫോൺ കണക്ഷൻ സൗജന്യമായി നൽകാനാണ് ഉദ്ദേശിച്ചിരുന്നത്. കെ-ഫോൺ പദ്ധതിയുടെ നടത്തിപ്പിനായി കെ.എസ്.ഐ.ടി.ഐ.എൽ. (കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ്) കെ-ഫോൺ പദ്ധതിയുടെ സിസ്റ്റം ഇന്റഗ്രേറ്ററായ ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡുമായി ഏർപ്പെട്ട കരാർ പ്രകാരം, 30.06.2021-നാണ് പദ്ധതി പൂർത്തീകരിക്കേണ്ടിയിരുന്നത്. കാലാവധി 31-03-2024 വരെ നീട്ടി നൽകിയിട്ടുണ്ട്. കൊറോണ മഹാമാരി മൂലമുണ്ടായ ലോക്ക് ഡൗൺ, ദേശീയപാത വികസനവുമായി ബന്ധപ്പെട്ട റോഡ് വീതി കൂട്ടലും, റോഡ് നിർമ്മാണവും, റെയിൽവേ അതോറിറ്റിയിൽ നിന്നും റൈറ്റ് ഓഫ് വേ അനുമതി ലഭിക്കാനുണ്ടായ കാലതാമസം, വൈദ്യുതി വിതരണം നിർത്തിവയ്ക്കുന്ന സമയക്രമത്തിനനുസരിച്ച് ജോലി പുനഃക്രമീകരിക്കേണ്ടിവരുന്നത് മുതലായ കാരണങ്ങളാൽ പദ്ധതി പൂർത്തിയാക്കുന്നതിന് കാലതാമസം നേരിട്ടതിനാലാണ് കാലാവധി നീട്ടി നൽകിയത്. |
| (ബി) | നാളിതുവരെ എത്ര ഗാർഹിക കണക്ഷനുകളും എത്ര വാണിജ്യ കണക്ഷനുകളും നൽകിയെന്ന് വെളിപ്പെടുത്തുമോ; | (ബി) | സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 5471 കുടുംബങ്ങൾക്ക് കെ-ഫോൺ സേവനം സൗജന്യമായി ലഭ്യമാക്കിയിട്ടുണ്ട്. 1965 ഫൈബർ ടു ദ ഹോം കണക്ഷനുകൾ വാണിജ്യ അടിസ്ഥാനത്തിൽ നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയ്ക്കായി നാളിതുവരെ എത്ര തുക ചെലവഴിച്ചു; വിശദാംശം ഇനം തിരിച്ച് അറിയിക്കുമോ? | (സി) | കെ-ഫോൺ പദ്ധതിക്കായി 724.22 കോടി രൂപയാണ് ഇതുവരെ ചെലവഴിച്ചത്. പദ്ധതിയുടെ സിസ്റ്റം ഇന്റഗ്രേറ്ററായ ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡ് (BEL)-ന് അവർ ചെയ്യുന്ന പ്രവർത്തിയുടെ ബിൽ തുക, പ്രൊജക്റ്റ് മാനേജ്മെന്റ് ഏജൻസി ആയ ടെലികമ്മ്യൂണിക്കേഷൻസ് കൺസൾറ്റന്റ്സ് ഇന്ത്യ |

| | | | |
|---|---|---|---|
| | | | ലിമിറ്റഡ് (TCIL), പ്രൊജക്ട് മാനേജ്മെന്റ് യൂണിറ്റ് ആയ പ്രൈസ് വാട്ടർ ഹൗസ് കൂപ്പേഴ്സ് ലിമിറ്റഡ് എന്നിവർക്കുള്ള ഏജൻസി ചാർജ് , ഗ്രാന്റ് തോൺട്ടൻ കമ്പനിക്കുള്ള കൺസൾട്ടൻസി ചാർജ് , റെയിൽവേയ്ക്കും ദേശീയ പാതാ അതോറിറ്റിയ്ക്കുമുള്ള റൈറ്റ് ഓഫ് വേ ചാർജുകൾ , കെ.എസ്.ഇ.ബി എൽ -നുള്ള വൈദ്യുതി ചാർജ് എന്നിങ്ങനെയാണ് തുക ചെലവഴിച്ചത്. |

സെക്ഷൻ ഓഫീസർ